**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1155** **11.06.2019 – ൽ മറുപടിക്ക്**

**തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ നിന്നും കിഫ്ബിയിൽ ഉൾപ്പെടുത്തി 2016-17 ൽ 30 കോടി രൂപയും 2017-18-ൽ 37 കോടി രൂപയും സ്ഥലം ഏറ്റെടുപ്പിനുവേണ്ടി അനുവദിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടേയും സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികളുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പ്രസ്തുത റോഡിന്റെ കോതമംഗലം നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻനടപടികൾ നടന്നു വരുന്നു. അലൈൻമെന്റ് പൂർത്തിയായി. സ്ഥലം ഏറ്റെടുപ്പിനായി ബന്ധപ്പെട്ട സർവ്വേ നമ്പരും എക്സ്റ്റന്റും അടങ്ങുന്ന ഗ്രൂപ്പ് സ്കെച്ച് തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണ പ്രവർത്തനത്തിന് എത്ര സ്ഥലമാണ് കോതമംഗലം മണ്ഡലത്തിൽ നിന്നും ഏറ്റെടുക്കേണ്ടി വരുന്നതെന്നും എത്ര സ്ഥലം നിലവിൽ ഏറ്റെടുത്തുവെന്നും അറിയിക്കാമോ; | (ബി) | 18.196 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുത്തിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇതു സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | ഇല്ല. ഇൻവെസ്റ്റിഗേഷൻ ജോലികൾ പുരോഗമിക്കുന്നു. അലൈൻമെന്റ് പ്ലാൻ തയ്യാറാക്കുന്ന ജോലികൾ അന്തിമ ഘട്ടത്തിലാണ്. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ഡി) ഇല്ല. ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തികരിച്ച് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ തീരുന്ന മുറയ്ക്കേ ഡി.പി.ആർ സമർപ്പിക്കാൻ സാധിക്കുകയുള്ളു. |
| (ഇ) | നടപടികൾ പൂർത്തിയാക്കി റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ